# അതിശയിപ്പിക്കുന്ന ആദർശ രംഗത്തെ തൗഹീദ് പണ്ഡിതൻ

പണ്ഡിതന്റെ മരണം ലോകത്തിന്റെ മരണമാണന്ന നബി വചനം അനർത്ഥമാക്കുന്നതാണ് മുഹദ്ദിസുൽ ഉലമാ ശൈഖുനാ നെല്ലിക്കുത്ത് ഇസ്മാഇൽ മുസ്‌ലിയാരുടെ വിയോഗം.

1994 - 2011 ശിഷ്യൻ എന്ന നിലക്ക് മഹാനവറുകളുടെ കൂടെ കഴിയാൻ ഭാഗ്യം സിദ്ധിച്ച വ്യക്തിയാണ് ഞാൻ. ഈ കാലയളവിൽ മഹാനവർകൾ മുഖം ചുളിക്കുന്ന ഒരു അവസ്ഥയുണ്ടായിട്ടില്ലെന്ന് പറയുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്.

പാണ്ഡിത്യത്തിലെ അഗാധതയാണ് മറ്റു പലരിൽ നിന്നും മുഹദ്ദിസുൽ ഉലമയെ വേർതിരിക്കുന്നത്. മഹാനവറുകളുടെ ദർസുകൾ ആകർഷകമാക്കി തീർത്തതിൽ കുറെ ഘടകങ്ങൾ ഉണ്ടെന്ന് എല്ലാവരും സമ്മദിച്ചതാണ്. ഏറ്റവും പ്രദാനപ്പെട്ടത് മൻകൂലാത്ത് മഅ്ഖൂലാത്തിനോട് യോജിപ്പിച്ച് ജംഅ് ചെയ്യുന്ന വിഷയത്തിൽ മഹാനവർകളെ കവച്ചു വെക്കുന്ന പണ്ഡിതൻ അടുത്ത കാലത്ത് ഉണ്ടായിട്ടില്ല. തൗഹീദ് സമഗ്രമായിട്ട് അവതരിപ്പിക്കാനും വിദ്യാർത്ഥികൾക്ക് പറഞ്ഞു കൊടുത്ത് അവരുടെ മനസ്സുകളിൽ മുത്ത് മണികളെ പോലെ ശിഷ്യൻമാർ കോർത്ത് വെക്കുകയും ശിഷ്യൻമാരായ സഖാഫകളും മറ്റു പണ്ഡിതന്മാരും അവതരിപ്പിച്ചതോടെയാണ് ജന മനസ്സുകളിൽ മുഹദ്ദിസുൽ ഉലമ പ്രധാനമായും സ്ഥലം പിടിച്ചത്. ഇന്ന് കാണുന്ന മുഖാമുഖങ്ങൾ, സംവാദങ്ങൾ, ഖണ്ഡന പ്രസംഗങ്ങൾ, മത താരതമ്യ പഠനങ്ങൾ, തവസ്സുൽ, ഇസ്തിഗാസ പോലുളള വിഷയങ്ങളിൽ സമഗ്രമായ ഗ്രന്ഥങ്ങളും, വിജ്ഞാന കോശങ്ങളും രചിക്കുന്നതിൽ ധൈര്യം പകർന്നത് മുഹദ്ദിസുൽ ഉലമ ദർസിലും പഠന വേദികളിലും നടത്തിയ ചർവ്വിത ചർച്ചകളായിരുന്നു എന്നത് വിസ്മരിക്കാനാകില്ല.

മുഹദ്ദിസുൽ ഉലമ തൗഹീദ് എന്ന ഗ്രന്ഥം കേരളത്തിന് സംഭാവന ചെയ്തതോടെയാണ് തൗഹീദ് പുതിയ വയിതിരിവിൽ എത്തുന്നത്. പ്രസ്തുത ഗ്രന്ഥം 1982ൽ നന്തി ദാറുസ്സലാം അറബി കോളേജിൽ നിന്നായിരുന്നു ആദ്യം പ്രസിദ്ധീകരിച്ചത്. ഗ്രന്ഥം വിപണിയിൽ ഇറക്കുവാൻ വളരെ ഉൽസാഹിച്ചത് നാലാം ക്ലാസ്സിൽ പഠിച്ചിരുന്ന പാലക്കാട് ജില്ലക്കാരനായ ഇ.വി അബ്ദുൽറഹ്മാൻ എന്ന എഞ്ചിനീയറായിരുന്നു. പിന്നീട് പ്രസ്തുത ഗ്രന്ഥം എസ്.വൈ.എസ് ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മുഹദ്ദിസുൽ ഉലമ 1984 ൽ മർകസ് ശരീഅത്ത് കോളേജിൽ ശൈഖുൽ ഹദീസും വൈസ് പ്രിൻസിപ്പാളുമായതോടെ കേരളം പുതിയൊരു മാറ്റത്തിന് തയ്യാറായി. നന്തിയിൽ അഞ്ച് വർഷം സേവനം ചെയ്തതിന് ശേഷമായിരുന്നു മർകസിലേക്കുളള വരവ്.

ബഹു വന്ദ്യരായ മുഹദ്ദിസുൽ ഉലമ പറഞ്ഞത് ഞാൻ ഓർക്കുന്നു അഥവാ കോളേജിലേക്ക് വരുന്നതിന് മുമ്പ് ദർസ് നടത്തുന്ന കാലത്ത് ബുഖാരിയുടെ ഹാശിയ ഫത്ഹുൽ ബാരിയും, ഇമാം ഫഖ്റുദ്ദീൻ റാസിയുടെ തഫ്സീറുൽ കബീറും, ഇമാം ഇബ്നു ഹജറുൽ ഹൈതമിയുടെ തുഹ്ഫയും മുത്വാല ചെയ്തു തീർത്തിരുന്നു.

മർകസിലെ മുത്വവ്വൽ ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി മഹാനവർകൾ മിശ്ക്കാത്തിന്ന് ആശിയ എഴുതി പൂർത്തിയാക്കിയ ശേഷം ഒരു സ്വപ്നം കണ്ടു:- മഹാനവർകൾ ഇമാം നവവിയുടെ അടുക്കൽ വളരെ ബഹുമാനത്തോടെ ഇരിക്കുന്നു, ഇമാം നവവിയോട് വളരെ താഴ്മയോടെ സംശയങ്ങൾ ചോദിക്കുകയും നവവി തങ്ങൾ മറുപടി പറയുന്നതായി സ്വപ്നം കണ്ടു. അതിന്റെ വ്യാഖ്യാനം ഞാൻ മനസ്സിലാക്കുന്നത് ഇപ്രകാരമാണ്. ബഹുവന്ദ്യരായ മുഹദ്ദിസുൽ ഉലമയുടെ കിതാബുകളും മറ്റ് ആസാറുകളും എന്നും നില നിൽക്കുമെന്നാണ് അതിന്റെ തെളിവാണ് മരണപ്പെട്ടതിന് ശേഷം സിയാറത്തിന് ആളുകൾ വല്ലാതെ വരുന്ന കാഴ്ചയാണ് കണ്ട് കെണ്ടിരിക്കുന്നത്, അവരുടെ ആസാറുകൾ എന്നും അല്ലാഹു നില നിർത്തട്ടെ !.

ബഹു വന്ദ്യരായ മുഹദ്ദിസുൽ ഉലമ മരണപ്പെടുന്നതിന്റെ ഒരു മാസം മുമ്പ് മർകസ് ഇസ്‌ലാമിക് ലൈബ്രറിയിൽ നിന്ന് ദിവ്യത്ത്വം എന്ന പദത്തിന്റെ മലയാള അർത്ഥം നോക്കാൻ വന്നത് ഇപ്പോഴും ദുഃഖത്തോടെ ഓർക്കുകയാണ്, ബഹുവന്ദ്യരായ മുഹദ്ദിസുൽ ഉലമക്ക് എപ്പോഴും തൗഹീദ് പുതിയ രൂപത്തിൽ ഭംഗിയായി എങ്ങിനെ അവതരിപ്പിക്കും, മഹാന്മാരായ അമ്പിയാക്കൾ ഔലിയാക്കളുടെ തിരു ശേഷിപ്പുകൾ ഖുർആനിന്റേയും ഹദീസിന്റേയും അടിസ്ഥാനത്തിൽ പിൻ തലമുറക്ക് എങ്ങനെയാണ് കൈമാറുക എന്ന ചിന്തയായിരുന്നു സദാ സമയവും. മർകസിന് രണ്ട് തവണ ലഭിച്ച ശഅ്റ് മുബാറക് ഒറിജിനൽ ശഅ്റാണെന്ന് എണ്ണിതമായി പ്രസ്ഥാവിച്ചത് വളരെ ശ്രദ്ധേയമായിരുന്നു. മഹാനവർകൾ അവസാനത്തെ തഖസ്സുസ് കോഴ്സിലെ അഖീദയുടെ താരതമ്യ പഠന ക്ലാസ് കഴിഞ്ഞ് വരുന്ന രംഗം ഖുതുബുഖാനയുടെ അടുത്തുളള വരാന്തയിൽ നിന്ന് കണ്ടപ്പോൾ മനസ്സ് വല്ലാതെ പൊട്ടി, കാരണം വളരെ അവശനായി വയറിൽ കൈ കൊണ്ട്

അമർത്തിപ്പിടിച്ച് വേദന സഹിച്ച് വരുന്ന രംഗം പലരേയും വേദനപ്പെടുത്തി. അന്ന് അവരോട് ശൈഖുന വിടവാങ്ങൽ പ്രസംഗം നടത്തുകയും എന്റെ ക്ലാസ് അവസാനിച്ചു എന്ന് പറയുകയും ചെയ്തത് വിദ്യാർത്ഥികളേയും ദുഃഖത്തിലായ്ത്തി.

വന്ദ്യരായ മുഹദ്ദിസുൽ ഉലമക്ക് ഈസ്ഥാനപ്പേര് ലഭിക്കുന്നത് 2006ൽ ജിദ്ദ സന്ദർശനം നടത്താൻ പോയപ്പോൾ ആശിഖുറസൂൽ സയ്യിദ് അബ്ബാസ് മാലികി മക്ക തന്റെ വസതിയിലെ ദർസിലേക്ക് വന്ദ്യരായ നെല്ലിക്കുത്ത് ഉസ്താദിനെ ളിയാഫത്തിന് ക്ഷണിച്ചു, ഹദീസിനെ കുറിച്ച് മാലികിയുടെ ദർസിൽ രണ്ട് മണിക്കൂർ ക്ലാസ് എടുക്കുകയും ചെയ്തു. ശേഷം ശൈഖുനയെ ആശിഖു റസൂൽ ആദരിക്കുകയും മുഹദ്ദിസുൽ ഉലമ എന്ന സ്ഥാനപ്പേര് നൽകുകയും ചെയ്തു.

വന്ദ്യരായ മുഹദ്ദിസുൽ ഉലമയും വിനീതനായ ഞാനും വളരെ രസകരമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. അവരിൽ നിന്ന് രണ്ട് ഇജാസത്ത് മൂന്ന് വർഷം മുമ്പും ഒരു ഇജാസത്ത് വഫാത്തിന്റെ ഒരു മാസം മുമ്പും ഞാൻ വാങ്ങുകയും ഇജാസത്തിന്റെ അനന്തര ഫലങ്ങൾ എന്റെ ജീവിതത്തിൽ ലഭിച്ചിട്ടുമുണ്ട്.

ബഹുവന്ദ്യരായ മുഹദ്ദിസുൽ ഉലമ ദുന്യവിയായ സുഖങ്ങൾ അനുഭവിക്കാത്ത വ്യക്തിയാണെന്ന് മിനുട്ടുകൾ കൂടെ നിന്നാൽ മനസ്സിലാകും. സാഹിദീങ്ങളുടെ ഒരുപാട് ലക്ഷണങ്ങൾ ഞാൻ അവരിൽ കണ്ടിട്ടുണ്ട്.

മുഹദ്ദിസുൽ ഉലമ സ്വന്തം വസതിയിലെ കുതുബുഖാന നിർമിക്കുന്നതിന് മുമ്പ് പലതവണ ഇശാ മഗ്‌രിബിനിടയിൽ മർകസ് കുതുബുഖാനയിൽ വന്ന് ഉണ്ടാക്കാൻ പോകുന്ന കുതുബുഖാനയെ സംബന്ധിച്ച് രൂപവും ഭാവവും എന്നോട് പറയാറുണ്ടായിരുന്നു. ചിലതിന്ന് എന്റെ അഭിപ്രായങ്ങൾ ഞാൻ എന്റെ ശൈലിയിൽ പറയാറുണ്ട്. മഹാനവർകൾ ഇങ്ങനെ എല്ലാവരേയും പരിഗണിച്ചത് കൊണ്ടാണ് മഹാനവർകളുടെ വിയോഗം എല്ലാവരേയും ഇത്ര ദുഃഖത്തിലാക്കിയത്.

മഹാനവർകളുടെ ഗ്രന്ഥങ്ങളിലൂടെ പര്യടനം നടത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന പ്രധാന കാര്യമുണ്ട്, അഥവാ മഹത്തുക്കളായ ഇമാമുകൾ രേഖപ്പെടുത്തിയ ആശയങ്ങൾ കാലോചിതവും പ്രമാണങ്ങളുടെ പിൻബലത്തോടെയാണെന്ന വസ്തുത തെളിയിക്കലാണ് മുഖ്യ അജണ്ട. മാത്രമല്ല ശൈഖുനയുടെ രിസാലയുടെ ആശിയയിൽ

ചൊവ്വ പോലെയുള്ള ഗോളങ്ങളിൽ എങ്ങനെ ഖിബ്‌ല തിരിക്കാമെന്ന ചർച്ചയും കൊണ്ടു വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചില പത്ര പ്രവർത്തകർ ചാലിലകത്തിന്റെ രണ്ടാമൻ എന്ന ടൈറ്റിൽ കൊടുക്കുന്നത്.

ബഹുവന്ദ്യരായ മുഹദ്ദിസുൽ ഉലമയുടെ പാണ്ഡിത്യം പെട്ടൊന്ന് മനസ്സിലാക്കാൻ എളുപ്പ മാർഗ്ഗം ഇങ്ങനെ പറയാം: പൊടിയാട്ട് ദർസ് നടത്തിയിരുന്ന കാലത്ത് സമസ്തയുടെ ജനറൽ സെക്രട്ടറിയും ബഹ്റുൽ ഉലൂമുമായിരുന്ന ശംസുൽ ഉലമ ഇ.കെ അബൂബക്കർ മുസ്‌ലിയാരും നന്തി മുഹമ്മദ് മുസ്‌ലിയാരും ഇരുപേരും നന്തി ദാറു സ്സലാമിലേക്ക് വൈസ് പ്രിൻസിപ്പളായി ക്ഷണിച്ചത് ശൈഖുനായുടെ ഇൽമിന്റെ ആഴം കണ്ടായിരുന്നു എന്നത് സാമാന്യ ബുദ്ധിയുള്ളവർക്ക് ഗ്രഹിക്കാവുന്നതേയൊള്ളൂ. അതേ പ്രകാരം നന്തിയിൽ നിന്ന് മർക സ് ശരീഅത്ത് കോളേജിലേക്ക് ശൈഖുനാ കാന്തപുരം ഉസ്താദ് ക്ഷണിക്കുന്നതും ഇതിന് തെളിവാണന്നതിൽ സംശയമില്ല.

ശൈഖുന മുഹദ്ദിസുൽ ഉലമ ക്ലാസിൽ വിദ്യാത്ഥികളോട് പോയിന്റ് പറയുകയും, ഏത് കിതാബിൽ എന്ന് പറയാതെ കുട്ടി കളെ കൊണ്ട് കുതുബുഖാനയിൽ വന്ന് കിതാബുകൾ മുത്വാല ചെയ്ത് കണ്ടു പിടിക്കാൻ പറയുകയും ചെയ്യാറുണ്ടായിരുന്നു അതിന് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ഒരിക്കൽ തുർമുദി ക്ലാസിൽ ശൈഖുന പറഞ്ഞു ളഈഫായ കുറേ ഹദീസുകൾ ഒരുമിച്ചു കൂടുകയും ചില റിപ്പോർട്ടിൽ പരസ്പരം വൈരുദ്ധ്യം ഉണ്ടങ്കിൽ പോലും പ്രസ്തുത ഹദീസുകൾക്കടിസ്ഥാനം ഉണ്ടന്ന് അറിയുക്കും എന്ന ആശയം, അഥവാ ളഹീഫായ ഹദീ സുകളുടെ കസ്റത്തുൽ ത്വുറുഖ് അറിയിക്കും പ്രസ്തുത ഹദീസിന് ഒരു അസ്ൽ ഉണ്ടെന്ന്. വിദ്യാത്ഥികൾ കിതാബുകൾ തിരിച്ചും മറിച്ചും മുത്വാലഅ ചെയ്ത് കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. പിറ്റേ ദിവസം ശൈഖുന തന്നെ ഫത്ഹുൽ ബാരിയിലെ 8/438 പേജിലെ ഇബാ റത്ത് വിദ്യാർത്ഥികളെ വായിച്ചു കേൾപ്പിച്ചു. അതിന് പിൻബലമായി ഇമാം സുയൂഥി തന്റെ ഫതാവയിൽ മൗലിദിന്റെ തെളിവുകളെ പറ്റി നടത്തിയ ചർച്ചയിൽ ഇമാം ഹാഫിള് അസ്‌കലാനിയെ തൊട്ട് മൗലി ദിന് തെളിവായി പറഞ്ഞ അഥവാ നബി(സ) തങ്ങൾ സ്വന്തം ഹഖീ ഖത്ത് അറുത്ത് കൊടുത്തു എന്ന ഉദ്ധരണിയും വിദ്യാത്ഥികളെ വായിച്ച് കേൾപ്പിച്ചു. എന്നാൽ പ്രസ്തുത ഇബാറത്ത് നമ്മെ പഠിപ്പി ക്കുന്നത് ഇപ്രകാരമാണ്. പഴയ കാലത്തെ സ്വാലിഹീങ്ങളായ വായി

ളുകളായ പണ്ഡിതന്മാർ അവരുടെ വയളുകളിൽ ളഈഫായ ഹദീസിൽ വന്ന ഹികായത്തുകൾ ഉദ്ധരിച്ചുകൊണ്ട് ജനങ്ങളെ ബോധ വൽക്കരണം ചെയ്യാറുണ്ട് അവക്കെല്ലാം അടിസ്ഥാനമുണ്ടെന്ന് തെളിയിക്കാനുമായിരിക്കും ശൈഖുനായുടെ ദീർഘ വിക്ഷണം എന്ന് ഞാൻ മനസ്സിലാക്കുന്നു.

മറ്റൊന്ന് തഖസ്സുസിലെ സമഗ്ര ഹദീസ് പഠനത്തിലെ ചർച്ചയിൽ വന്നത്, മദ്ഹബിന്റെ ഇമാമുകൾ രേഖപ്പെടുത്തിവെച്ച മുസ്തബത്തായ മസ്അലകൾക്കെല്ലാം ഹദീസുകൾ നിലവിൽ ഉണ്ടെന്നും അവഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും ക്ലാസിൽ വിഷദീ കരിക്കുകണ്ടായി, വിദ്യാത്ഥികളോട് ശൈഖുന കണ്ടുപിടിക്കാൻ പറയുകയും ചെയ്തു. ഇബ്റാഹീം സഖാഫി നെല്ലൂർ-കണ്ണൂർ എന്ന വിദ്യാർത്ഥി വാശിപിടിച്ച് ഈ ഉള്ളവന്റെ സഹായത്തോടെ അൽ മുഹററു ഫിൽ ഹദീസ് എന്ന ഇമാം ഇബ്നു ഹാദിയുടെ ഗ്രന്ഥത്തിന്റെ തഹ്ഖീഖിൽ നിന്ന് ഇമാം ഇബ്നു സ്വലാഹ് പറഞ്ഞ ഉദ്ധരണി കണ്ടുപിടിക്കുകയും ചെയ്തു. ആറു ദിവസത്തോളം ഈ ചർച്ചകൾ ക്ലാസിൽ ചർച്ച ചെയ്യുകയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുകയും ചെയ്തു.

വന്ദ്യരായ മുഹദ്ദിസുൽ ഉലമയും മർഹൂം ശൈഖുനാ ചെറുശ്ശോല ഉസ്താദും വളരെ അടുപ്പത്തിലും റൂമുകൾ അടുത്തായത് കൊണ്ട് ഒഴിവുള്ള സമയങ്ങളിൽ ചെറുശ്ശോല ഉസ്താദ് നെല്ലിക്കുത്ത് ഉസ്താദിന്റെ റൂമിൽ ഉണ്ടാവാറുണ്ട്. കാണാതിരിക്കുമ്പോൾ മുഹദ്ദിസുൽ ഉലമാ ചെറുശ്ശോല ഉസ്താദിന്റെ റൂമിലേക്ക് പോകുകയും കണ്ടില്ലല്ലോ എന്നും പറയുകയും ചെയ്യാറുണ്ടായിരുന്നു. ഇരുപേരും ഒരുമിച്ച് കൂടുമ്പോൾ മസ്ഹലകൾ ചർച്ച ചെയ്യുകയും ചെറുശ്ശോല ഉസ്താദിന്റെ തഹ്ഖീഖ് ലഭിക്കുവാൻ മുഹദ്ദിസുൽ ഉലമ പലപ്പോഴും ഐഡിയ പ്രയോഗിക്കാറുണ്ട് അഥവാ മുഅ്തമിതിന്റെ എതിർ പറയും, ചെറുശ്ശോല ഉസ്താദ് തമാശയിലൂടെ ചിരിച്ച് കൊണ്ട് ഗൗരവത്തിൽ പ്രബലമായ അഭിപ്രായങ്ങൾ തഹ്ഖീകായി പറയും. മുഹദ്ദിസുൽ ഉലമാ തഹ്ഖീഖുള്ള പണ്ഡിതൻമാരുടെ ചർച്ചാവേദികളിൽ അവരുടെ തഹ്ഖീഖ് ലഭിക്കാൻ നല്ല ഐഡിയ പ്രയോഗിക്കാറുണ്ട് .

ഒരിക്കൽ ഞാൻ റംസാൻ അവധിക്ക് ശമ്പളം വീട്ടിലേക്ക് കൊടുക്കാൻ പോയപ്പോൾ സമയം 10 മണി ആയിരുന്നു. മഹാനവർ വാഴക്ക് മണ്ണ് ഇടാൻ പോയതാണന്ന് വീട്ടുകാർ പറഞ്ഞു. അൽപ സമയം കഴിഞ്ഞപ്പോൾ വരുകയും തോട്ടത്തിൽ പോയതാണെന്ന് ചിരിച്ച് കൊണ്ട്

ഉസ്താദ് പറഞ്ഞു  വാഴക്ക് മണ്ണ് ഇട്ടപ്പോൾ രണ്ട് പുതിയ തഹ്ഖീഖ് ലഭിച്ചു എന്നും പറഞ്ഞു. മഹാനവർകൾക്ക് പഠനം എന്ന ചിന്ത അല്ലാതെ ഇല്ലായിരുന്നു.

ശൈഖുന മുഹദ്ദിസുൽ ഉലമ മാല, മൗലിദിൽ വന്ന പരാമർശങ്ങൾക്ക് പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മറുപടി പറയൽ പതിവായിരുന്നു എന്നത് സമഗ്ര ക്ലാസിലും പഠന വേദികളിലും പങ്കെടുത്തവർക്ക് മനസ്സിലാക്കാൻ പ്രയാസം വരില്ല. ശൈഖുന അറിവുകളുടെ എല്ലാ മേഖലകളിലും വളരെ പാണ്ഡിത്യം നിറഞ്ഞ് നിന്നിരുന്ന വെക്തിയാണന്നത് സൂര്യ പ്രകാശം പോലെ തെളിഞ്ഞ വസ്തുതയായിരുന്നു.

എന്നാൽ ശിഷ്യൻമാരായ സഖാഫികളോട് വളരെ ബഹുമാനത്തിൽ ഉണർത്തുന്നു : എല്ലാവർഷവും ശവ്വാലിൽ ജോലിക്ക് പോകുന്നതിന് മുമ്പ് ഏതെങ്കിലുമൊരു ദിവസം ഉസ്താദിനെ സിയാറത്ത് ചെയ്യാൻ ദിവസം കാണണേ, എന്നഅപേക്ഷയോടെ...,

നാഥൻ സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടി തരട്ടെ, ആമീൻ  എന്ന പ്രാഥനയോടെ .

സ്വന്തം ശിഷ്യൻ:
എം.എം അബ്ദുൽ മജീദ് സഖാഫി മുടിക്കോട് (മർകസ് ഇസ്‌ലാമിക് ലൈബ്രറി അഥവാ ഖുതുബുഖാന)